# ആമുഖം.

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതു വിദ്യാലയങ്ങളെ ഉന്നനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്ന് ഉറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന അറന്തെറ്റിമംഗലം യു.പി. സ്കൂളിലെ സജീവമായ PTA, MPTA അധ്യാപക സംഘം, പൊതു സമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | യു.പി.എസ്. അറുന്നൂറ്റിമംഗലം |
| മേൽ വിലാസം | അറുന്നൂറ്റിമംഗലം. P.O<br>മാവേലിക്കര. |
| ജില്ല | ആലപ്പുഴ. |
| ഉപജില്ല | മാവേലിക്കര. |
| സ്കൂൾ കോഡ് | 36291 |
| UDISE Code | 32110701408 |
| ഇ മെയിൽ Id | upsarunoottimangalam@gmail.com |
| mobile No | 9447281973. |
| ഭരണ സംവിധാനം | Aided. |
| ബ്ലോക്ക് പഞ്ചായത്ത് | മാവേലിക്കര. |
| തദ്ദേശ സ്വയം ഭരണ സ്ഥാപനം | തഴക്കര. |
| വാർഡ് | 16 |
| പഠന വിഭാഗങ്ങൾ | U.P. (V to VII) |
| ആൺകുട്ടികൾ | 39 |
| പെൺകുട്ടികൾ | 22 |
| ആകെ കുട്ടികൾ | 61 |
| അദ്ധ്യാപകർ | 5 |
| അനദ്ധ്യാപകർ | 01 |

# ഭൗതിക സാഹചര്യങ്ങൾ

വിദ്യാലയത്തിന്റെ വിശാലമായ അങ്കണത്തിൽ കുട്ടികൾക്ക് കളിക്കുവാനുള്ള സ്ഥലം ധാരാളം ഉണ്ട്. ബാക്കി സ്ഥലങ്ങളിൽ ജൈവ പച്ചക്കറി കൃഷി നടത്താൻ ലക്ഷ്യമിടുന്നു.

നവമാധ്യമ കൂട്ടായ്മയായ VOA ഈ സ്കൂളിന് മനോഹരമായ ഒരു ജൈവ വൈവിധ്യ പാർക്ക്, ഗാന്ധി പ്രതിമ എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാനും എഴുതുവാനും ഉള്ള ബെഞ്ചുകൾ, ഡെസ്കുകൾ എന്നിവയും VOA നൽകിയിട്ടുണ്ട്.

സ്കൂളിൽ വിശാലമായ ഒരു ഡൈനിംഗ് ഹാൾ ഉണ്ട്. മാനേജ്മെന്റ് ഡൈനിംഗ് ഹാളിലേക്ക് ആവശ്യമായ ബെഞ്ചുകൾ, ഡെസ്കുകൾ എന്നിവ ആവശ്യത്തിന് നൽകിയിട്ടുണ്ട്.

ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വെവ്വേറെ ടോയ്‌ലറ്റുകളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. തൃക്കര പഞ്ചായത്തിൽ നിന്നും പെൺകുട്ടികളുടെ ടോയ്‌ലറ്റിലേക്ക് ഒരു ഇൻസിനറേറ്റർ ഫിറ്റ് ചെയ്തു തന്നിട്ടുണ്ട്. ഇതു കൂടാതെ 'ഷീ പാഡുകളും' വിതരണം ചെയ്തിട്ടുണ്ട്. വെളിച്ചവും വായുവും കടക്കുന്ന ക്ലാസ് മുറികൾ ആധുനിക രീതിയിലുള്ള കെട്ടിടം അല്ലെങ്കിലും എല്ലാ സൗകര്യങ്ങളും ഉള്ള ഒരു നല്ല കെട്ടിടമാണ് ഉള്ളത്.

കമ്പ്യൂട്ടർ ലാബ് പ്രവർത്തനത്തിനായി ഒരു മുറി സജ്ജീകരിച്ചിട്ടുണ്ട്. KITE ൽ നിന്നും ലഭിച്ച 2 Lap Top കളും ഒരു പ്രൊജക്റ്ററും കുട്ടികളുടെ പഠനത്തിനായി ഉണ്ട്. കണക്ക്, സോഷ്യൽ, സയൻസ് ലാബുകൾക്കും ഒരു റൂം ഒരുക്കി സൂക്ഷിച്ചിട്ടുണ്ട്.

ലൈബ്രറിക്ക് പ്രത്യേകം റൂം ഇല്ല എങ്കിലും ധാരാളം ലൈബ്രറി പുസ്തകങ്ങൾ അലമാരയിൽ സെറ്റ് ചെയ്ത് സൂക്ഷിക്കുകയും ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് ലൈബ്രറി പുസ്തക വിതരണം നടത്തുകയും, ഓരോ ക്ലാസ്സിലും പുസ്തക വായനയ്ക്കായി ഉള്ള Reading Corner സ്ഥാപിച്ചിട്ടും ഉണ്ട്.

ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നുണ്ട്. കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തുകയും അവർക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശാസ്ത്ര ക്ലബ്ബുകൾക്ക് പുറമേ ഭാഷാ ക്ലബ്ബുകളും രൂപീകരിക്കുകയും, അവയുടെ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി എന്നിങ്ങനെ ഉള്ള ഭാഷകൾ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് കൂടുതലായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

## യു. പി. എസ്. അറുന്തിമംഗലം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ഉപജില്ലയിലെ തഴക്കര പഞ്ചായത്തിൽ വെട്ടിയാർ വില്ലേജിൽ, അറുന്തിമംഗലം എന്ന നയന മനോഹരമായ ഗ്രാമത്തിലാണ് നമ്മുടെ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. 1954-ൽ ആരംഭിച്ച ഈ വിദ്യാലയം ഒരു സ്വതന്ത്ര യു.പി വിദ്യാലയമാണ്. 1954 ൽ സ്ഥാപിതമായ ഈ വിദ്യാലയം നാടിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പുരോഗതിക്ക് അടിത്തറയിട്ട ഒരു സരസ്വതിക്ഷേത്രം ആയി മാറിയിരിക്കുന്നു.

1954-ൽ കുറ്റിക്കാട്ടുമുറിയിൽ ഭാസ്കരൻ പിള്ള, കുളയിൽ വേലുപിള്ള, ഭേതക്കുഴിയിൽ ശ്രീമാൻ. കേശവപിള്ള എന്നിവർ മുൻകൈ എടുത്ത് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന എൽ. പി. സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കി ഇവിടെ എത്തുന്ന കുട്ടികൾക്ക് ഈ വിദ്യാലയത്തിന്റെ സമീപത്തു തന്നെ പഠിക്കാം എന്ന ഉദ്ദേശ്യത്തോടുകൂടി ആദ്യം ഒരു ഓദരാത്തി കൊണ്ട് ഒരു മുറിയിൽ പണികഴിപ്പിച്ചതാണ് ഈ വിദ്യാലയം. ഇവിടെത്തന്നെ യു.പി. സ്കൂൾ പഠനം പൂർത്തിയാക്കുന്ന കുട്ടികൾ ഹൈസ്കൂൾ പഠനത്തിനായി 3km ദൂരം സഞ്ചരിച്ച ശേഷം മാത്രമേ പഠിക്കുകയുള്ളൂ.

ഇപ്പോഴത്തെ സ്കൂൾ മാനേജർ ശ്രീ. ഉണ്ണികൃഷ്ണപിള്ള സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യങ്ങൾ നടത്തുന്നതിനും ചർച്ചകൾ നടത്തിയിട്ടുണ്ട്.

- **ജൈവവൈവിധ്യ ഉദ്യാനം**

വിവിധതരം സസ്യങ്ങൾ, സംരക്ഷിക്കുകയും അവയുടെ ആവാസ-വ്യവസ്ഥയെ നിലനിർത്തുകയും ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണത്തിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ജൈവവൈവിധ്യ ഉദ്യാനങ്ങൾക്ക് വലിയ പങ്കുണ്ട്. പ്രകൃതിയെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുമുള്ള അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നു.

- **പഠന പരിപോഷണ പദ്ധതികൾ**

- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- ശ്രദ്ധ
- നവപ്രഭ

പഠന നിലവാരം ഉയർത്തുന്നതിനായി എല്ലാ വർഷവും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത്, ഗ്രാമ, പി.ടി.എ കമ്മറ്റികൾ തുടങ്ങിയവ എല്ലാ രംഗത്തിൽ സജീവമാണ്.

- **കുട്ടികളിൽ സർഗാത്മകത വികസിപ്പിക്കുക.**

ശക്തിപ്പെടുത്തുന്നത് അവരെ മികച്ച പ്രശ്നപരിഹാരകരാക്കി മാറ്റുന്നു. കാരണം അവർ വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്ന് പ്രശ്നങ്ങളെ സമീപിക്കുകയും നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കുകയും ചെയ്യും. വിമർശനാത്മകമായി ചിന്തിക്കുന്ന സർഗാത്മക കുട്ടികൾ അവരുടെ ദൈനംദിന, അക്കാദമിക് പ്രവർത്തനങ്ങളിൽ വിജയിക്കാൻ സാധ്യതയുണ്ട്.

വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ശുഭപ്രതീക്ഷയോടെ ആണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡന്റ് – ഷൈജൻ ബാബു.

ഹെഡ്മാസ്റ്റർ – ഷീനാ. എസ്.

എം. പി.ടി.എ. പ്രസിഡന്റ് – ആശ. എസ്.

• ഗവേഷണാത്മക പഠന പ്രോജക്ടുകൾ

ഭാവിപൗരന്മാരെന്ന നിലയിൽ ഓരോ രാജ്യത്തിന്റെയും ഏറ്റവും വലിയ സമ്പത്താണ് കുഞ്ഞുങ്ങൾ. പാഠ്യമേഖലയിലെന്നപോലെ തന്നെ പഠ്യേതര മേഖലകളിലെ പ്രവർത്തനങ്ങളിലും കുട്ടികളെ സജീവ പങ്കാളികളാക്കുക. ഓരോ പാഠഭാഗങ്ങൾക്കുശേഷവും യൂണിറ്റ് ടെസ്റ്റ് നടത്തുന്നു. പിന്നോക്കം പോകുന്നവർക്ക് പ്രത്യേക മാർഗനിർദ്ദേശം നൽകുന്നു. ഓരോ കുട്ടിയും കൃത്യമായി നോട്ടുകൾ പൂർത്തിയാക്കുന്നുവെന്ന് ക്ലാസ്സധ്യാപിക ഉറപ്പുവരുത്തുന്നു.

കുട്ടികളുടെ ശാരീരിക മാനസിക അവസ്ഥകളെപ്പറ്റിയും പഠനത്തെപ്പറ്റിയും അറിയാൻ രക്ഷിതാക്കളുമായി നിരന്തര ഫോൺ മുഖാന്തിരം ബന്ധപ്പെടുന്നു.

വീട്ടിൽ കൃഷി, വളർത്തുമൃഗ പരിപാലനം, പൂന്തോട്ട നിർമ്മാണം എന്നിവ നടത്തുന്ന കുട്ടികൾക്ക് അവയുടെ വീഡിയോയും മറ്റും അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം ഗ്രൂപ്പിൽ പങ്കുവെയ്ക്കാനുള്ള അവസരം നൽകുന്നു.

• ദൈനംദിന ശാസ്ത്ര അന്വേഷണങ്ങൾ

കുട്ടികൾക്ക് അടിസ്ഥാന ശാസ്ത്ര ആശയങ്ങൾ പരിചയപ്പെടുത്താൻ ആഡംബര ഉപകരണങ്ങൾ ആവശ്യമില്ല. പാചകം, പൂന്തോട്ടപരിപാലനം വൃത്തിയാക്കൽ തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങൾ മികച്ച അവസരങ്ങൾ നൽകുന്നു. വീട്ടുപകരണങ്ങൾ ഉപയോഗിച്ചുള്ള ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയെക്കുറിച്ച് അവിസ്മരണീയമായ രീതിയിൽ പഠിപ്പിക്കുന്നു.

- <u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>

ആരോഗ്യവും ആനന്ദവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് കായിക വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എങ്ങനെ നടക്കണം, ഇരിക്കണം, ഓടണം, ചാടണം എന്നു തുടങ്ങി ഓരോ കുട്ടിയുടെയും ബേസിക് മോട്ടോർ സ്കിൽസിന്റെ വികാസം കൂടിയാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്.

മാനസിക പിരിമുറുക്കം, ഉത്കണ്ഠ, വിഷാദം തുടങ്ങിയവ ലഘൂകരിക്കാനും ഇതുവഴി സാധിക്കുന്നു.

# ഫീഡിംഗ് സ്കൂളുകൾ.

1. ജി. എൽ. പി. എസ്. അനന്തിമംഗലം.
2. ഗവ: മുഹമ്മദൻ എൽ. പി. എസ്. വെട്ടിയാർ.

പൊതു വിദ്യാഭ്യാസ വകുപ്പും സർവ്വ ശിക്ഷാ അഭിയാനും നൽകുന്ന അധ്യാപക പരിശീലനങ്ങളിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുകയും അവരവരുടെ കഴിവുകൾ മുഴുവനും ക്ലാസ് മുറികളിൽ ഫലപ്രദമായി കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്യുന്നു. തൽഫലമായി കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുന്നുണ്ട്.

## മോണിറ്ററിംഗ്

അധ്യാപക ശാക്തീകരണത്തിനായി എസ്. ആർ. ജി. യോഗങ്ങൾ എല്ലാ ആഴ്ചകളിലും ചേരുന്നു. കൂടാതെ പ്രഥമാധ്യാപിക ക്ലാസ്സ് മോണിറ്ററിംഗും നടത്തുന്നു.

അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല അധ്യയന വർഷം ആരംഭത്തിൽത്തന്നെ നൽകുന്നു. അധ്യാപകർ അവധി എടുക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് പഠനത്തിൽ ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ അധ്യാപകരെ നിയമിക്കുന്നു.

അധ്യയന വർഷാരംഭത്തിൽ ചുമതല നൽകിയ അധ്യാപകർ.

| ചുമതലകൾ | അധ്യാപകർ. |
|---|---|
| സീനിയർ അസിസ്റ്റന്റ് | ശ്രീമതി. ബിന്ദു. P.B. |
| സ്റ്റാഫ് സെക്രട്ടറി | ശ്രീമതി. രശ്മി. P.M. |
| എസ്. ആർ. ജി. കൺവീനർ | ശ്രീമതി. ബിന്ദു. |
| കലാമേള | ശ്രീമതി. സോമ. എം. നമ്പൂതിരി |
| കായിക മേള | ശ്രീമതി. ലക്ഷ്മി. V. |

| വിഷയങ്ങൾ | ചുമതലയുള്ള അധ്യാപകർ. |
|---|---|
| ഗണിതം | രശ്മി. P.M. |
| സയൻസ് | രശ്മി. P.M. |
| സാമൂഹ്യശാസ്ത്രം | ലക്ഷ്മി. V |
| മലയാളം | സോമ. എം. നമ്പൂതിരി |
| ഇംഗ്ലീഷ്. | ഷീന. എസ്. |
| ഹിന്ദി | ബിന്ദു. P. B. |

## ലക്ഷ്യങ്ങൾ

- അന്താരാഷ്ട്ര പഠന നിലവാരം ഉള്ള പഠന സാഹചര്യങ്ങൾ ഒരുക്കുവാൻ ഭൗതികവും, അക്കാദമികവുമായ സാഹചര്യങ്ങൾ ഒരുക്കുക.
- വായന, എഴുത്ത്, ഗണിതം, ശാസ്ത്രം എന്നിവയിൽ ഓരോ കുട്ടിയുടെയും കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുക.
- അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അവസരം സൃഷ്ടിക്കുക.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വർക്കും, പ്രതിഭയരായ കുട്ടികൾക്കും അർഹമായ പരിഗണന നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.
- വിദ്യാർത്ഥികളിൽ ശാസ്ത്രബോധം, ഗവേഷണ തല്പരത എന്നിവ സൃഷ്ടിക്കുക.
- ICT സഹായത്തോടെ വിവിധ വിഷയങ്ങൾ പഠിക്കുന്നതിനുള്ള ജ്ഞാനം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയെ ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വായനയെ പരിപോഷിപ്പിക്കുകയും ചെയ്യുക.

ഭിന്നശേഷിക്കാർക്കും, പഠന വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും

... ചെയ്യുന്നു.

അവസ്ഥാ വിശകലനം. ഭൗതികം.

എല്ലാവർക്കും ഗുണമേന്മ ഉള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് പൊതു വിദ്യാലയത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ജീവിതത്തിന്റെ സമസ്ത മേഖലകളും അനു നിമിഷം മാറി കൊണ്ടിരിക്കുകയാണ്.

വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും, മാനസികവും, ബൗദ്ധികവുമായ കഴിവുകൾ ഉള്ള എല്ലാ കുട്ടികൾക്കും പഠിക്കുവാനും ജീവിത വിജയം കൈവരിക്കുവാനും കഴിയും എന്ന് ഉറപ്പു വരുത്തുകയും ആവശ്യമായ വിവരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും കാലോചിതമായ മാറ്റങ്ങൾ സാധ്യമാക്കുകയും ചെയ്യുമ്പോൾ വിദ്യാലയം മികവുറ്റതാകുന്നു.

നമ്മുടെ ഈ പൊതുവിദ്യാലയത്തിന് ഏകദേശം ഒരു ഏക്കറിൽ കൂടുതൽ സ്ഥലം ഉണ്ട്. കുട്ടികൾക്ക് ഓടികളിക്കാനാവശ്യമായ സ്ഥലം ഈ വിദ്യാലയത്തിൽ ലഭ്യമാണ്. 5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ മികച്ച പഠനം ആണ് നമ്മുടെ ഈ വിദ്യാലയത്തിൽ ഉള്ളത്.

സ്റ്റാൻഡേർഡ്. നിലവിലുള്ള കുട്ടികളുടെ എണ്ണം.

| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 13 | 6 | 19 |
| VI | 11 | 6 | 17. |
| VII | 15 | 10 | 25 |
| | 39 | 22 | 61 |

ആകെ മൂന്നു ക്ലാസ്സിലും കൂടി 61 കുട്ടികളാണ് ഈ വർഷം പ്രവേശനം നേടിയിട്ടുള്ളത്. 39 ആൺകുട്ടികളും 22 പെൺകുട്ടികളും 2025-26 അധ്യയന വർഷം പ്രവേശനം നേടിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

റിസോഴ്സ് പേഴ്സന്റെയും ആയയുടെയും ഉപകരണങ്ങളുടെയും അഭാവം.

പ്രത്യേക പാഠപുസ്തകങ്ങൾ.

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനുള്ള രീതികളുടെ അഭാവം.

---

## മേൽനോട്ടം

എ.ഇ.ഒ, ബി.പി.ഒ, ബി.ആർ.സി, കോ-ഓർഡിനേറ്റർ, റിസോഴ്സ് റൂം ഇൻസ്പെക്ടർ എന്നിവരെല്ലാം യഥാസമയങ്ങളിൽ സ്കൂൾ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. പ്രധാനാധ്യാപികയുടെ ക്ലാസ് മോണിറ്ററിംഗ് നൽകുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളും മത്സരപരീക്ഷകളും നടക്കുന്നത്.

---

## ജലലഭ്യത

ജലശുദ്ധീകരണ പരിപാടിയുടെ ഭാഗമായി നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നുണ്ട്. മഴവെള്ള സംഭരണിയിൽ വെള്ളം സംരക്ഷിക്കുന്നതിനെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നു. കുട്ടികൾക്ക് തിളപ്പിച്ചാറിയ വെള്ളം കുടിക്കുവാൻ നൽകുന്നു.

സൗകര്യം ഒരുക്കുക.

- വിദ്യാർത്ഥികളുടെ കലാ-കായിക ആരോഗ്യ മേഖലകളിലെ വിഷയങ്ങൾ മെച്ചപ്പെടുത്തുക.
- പ്രതിമാസ ഫീൽഡ് ട്രിപ്പ്, സെമിനാർ, നാടകം, ശില്പശാല, ചിത്രകല എന്നിവക്ക് ആവശ്യമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തുക.
- കാർഷിക സംസ്കാരം വളർത്തി എടുക്കുന്നതിന് വേണ്ടി, കൃഷി, ഉദ്യാന പരിപാലനം, ഔഷധകൃഷിത്തോട്ടം എന്നിവയുടെ നിർമ്മാണം പരിപാലനം എന്നിവയിൽ കുട്ടികളെ ബോധവൽക്കരിക്കുന്നു.
- എല്ലാ കുട്ടികൾക്കും നിർദ്ദേശിച്ച പഠനനേട്ടം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുക.
- പഠനത്തിൽ പിന്നാക്കക്കാർക്ക് എഴുതുവാനും, വായിക്കുവാനും രാവിലെ 20 മിനിട്ട് വൈകുന്നേരം ½ മണിക്കൂർ എന്നീ രീതിയിൽ സമയം കണ്ടെത്തി പരിശീലിപ്പിക്കുവാനും അദ്ധ്യാപകരെ ചുമതലപ്പെടുത്തി.
- മലയാളത്തെ ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ ഉപയോഗിച്ച് ഉറപ്പിക്കുന്നതിന് വേണ്ടി 'മലയാളത്തിളക്കം' ഇംഗ്ലീഷ് ഭാഷയെ പരിപോഷിപ്പിക്കുവാനായി 'ഹലോ ഇംഗ്ലീഷ്' എന്നീ പരിപാടികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു.
- ഗണിതം മധുരം എന്ന പരിപാടിയിലൂടെ ഗണിതത്തിലെ ചതുഷ്ക്രിയകൾ ഉറപ്പിക്കുക. ശാസ്ത്രത്തിൽ അഭിരുചി വളർത്താൻ
- ശാസ്ത്ര പരീക്ഷണങ്ങൾ, ഫീൽഡ് ട്രിപ്പ് എന്നിവയും നടപ്പിലാക്കുവാൻ തീരുമാനിച്ചു.
- സാമൂഹ്യ ശാസ്ത്ര അവബോധം സൃഷ്ടിക്കുന്നതിന് 'വളരുന്ന ഭൂപടം' എന്ന പരിപാടിയും ആസൂത്രണം ചെയ്യുന്നു.

## ആരോഗ്യം, സുരക്ഷ.

എല്ലാ കുട്ടികൾക്കും പഠിക്കുവാനും, വികസിക്കുവാനും കഴിയും എന്ന ആശയം ആണ് വിദ്യാഭ്യാസ സാർവത്രികവൽക്കരണത്തിന് അടിസ്ഥാനം. വിദ്യാർത്ഥികൾ സൗഹൃദപരമായ പഠനാന്തരീക്ഷം ഉണ്ടാക്കി എടുക്കുവാൻ അദ്ധ്യാപകർക്കൊപ്പം രക്ഷാകർത്താക്കളും

# പ്രവർത്തന കലണ്ടർ.

| മാസം. | പ്രവർത്തനം | ക്ലാസ്/വിഭാഗങ്ങൾ | ഉത്തരവാദിത്തം | പ്രതീക്ഷിക്കുന്ന ഫലം. |
|---|---|---|---|---|
| ജൂൺ | [illegible] bridge course. | V - VII | Subject Teachers. | കുട്ടികൾക്ക് Smooth tran action. |
| ജൂലൈ | Maths Quiz. | " | " | Logical Skill |
| ഓഗസ്റ്റ്. | Independence day Project. | V - VII | Subject Teachers | National values |
| സെപ്റ്റംബർ | Onam Exam<br>Mid term exam evaluation Analysis | V - VII | All teachers | Academic Support |
| ഒക്ടോബർ | Science exhibition<br>[illegible] U.S.S Preparation. | V - VII | Science department<br>All teachers | Skill develop ment |
| നവംബർ | Reading week. | V - VII | language department | Develop Reading Habit. |
| ഡിസംബർ. | Arts fest. | V - VII | H.M and staff | Cultural exposure |
| ജനുവരി. | Republic day Celebration | V - VII | S.S. department | Develop Patriotic |
| ഫെബ്രുവരി. | Annual exam Preparation. | V - VII | All teacher | Exam |
| മാർച്ച്. | Annual Evaluation Report | V - VII | H.M and Staffs | Academic Review |

# ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ മുഖേന വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ ഉന്നതനിലവാരത്തിൽ മുൻപന്തിയിൽ ഉയർത്തുന്നതിന് ഈ മാസ്റ്റർ പ്ലാൻ സഹായിക്കുന്നു. ഈ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് മാനേജ്മെന്റ്, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെയെല്ലാം കൂട്ടായ പരിശ്രമവും നിസ്സീമമായ സഹകരണവും അത്യാപേക്ഷിതമാണ്. ഈ കർമ്മ പദ്ധതിയുടെ ശരിയായ നടത്തിപ്പിലൂടെ നമ്മുടെ സ്ഥാപനത്തെ അക്കാദമിക മികവിന്റെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ സാധിക്കും എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.